പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 419 07.01.2014 -ൽ മറുപടിക്ക്

ഗുണനിലവാരം കുറഞ്ഞ പെയിന്റ് വാങ്ങിയതിലൂടെ

കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായ നഷ്ടം

ചോദ്യം

ശ്രീ. പി.റ്റി.എ. റഹീം :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗുണനിലവാരം കുറഞ്ഞ പെയിന്റ് വാങ്ങിയതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടമുണ്ടായ സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ആയതിന്മേൽ വിജിലൻസ് വകുപ്പിനെ കൊണ്ട് അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.-യിൽ പർച്ചേയ്സ് നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) | വാഹനങ്ങൾക്ക് ആവശ്യമായ സ്പെയർ പാർട്സുകൾ താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെട്ട സ്ഥാപനങ്ങളുടെ വില താരതമ്യം ചെയ്ത് ഏറ്റവും വില കുറവുള്ളവരിൽ നിന്നും വാങ്ങുന്നു.<br>1. വാഹന നിർമ്മാതാക്കൾ<br>2. വാഹന നിർമ്മാതാക്കൾക്ക് സ്പെയർ പാർട്സുകൾ നൽകുന്നവരും അതേ സമയം തന്നെ അസോസിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ്സുമായി (എ.എസ്.ആർ.ടി.യു) നിരക്കുകരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ.<br>3. വാഹന നിർമ്മാതാക്കൾക്ക് സ്പെയർ പാർട്സുകൾ നല്കുന്ന സ്ഥാപനങ്ങൾ (ഒറിജിനൽ എക്വിപ്പ്മെന്റ് നിർമ്മാതാക്കൾ)<br>4. ടയർ റീട്രേഡിംഗ് സാധനങ്ങൾ ASRTU യുമായി നിരക്ക് കരാറിൽ |

| | | | |
|---|---|---|---|
| | | | ഏർപ്പെട്ടിട്ടുള്ള തെക്കേയിന്ത്യൻ സംസ്ഥാനങ്ങളിലുള്ള സ്ഥാപനങ്ങളിൽ നിന്നും Cost Per Kilometer (CPKM) ന്റെ അടിസ്ഥാനത്തിൽ വാങ്ങുന്നു. മേൽപ്പറഞ്ഞ വിഭാഗം വിതരണക്കാരിൽ നിന്നും നേരിട്ട് ലഭ്യമല്ലാത്ത സാധനങ്ങൾ കേരള സ്റ്റോഴ്സ് പർച്ചേയ്സ് മാനുവൽ പ്രകാരം ദർഘാസുകൾ ക്ഷണിച്ച് വാങ്ങുന്നു. ഇപ്രകാരമുള്ള ദർഘാസ് വിവരങ്ങൾ വെബ് സൈറ്റിലൂടെയും, പത്രങ്ങളിലൂടേയും പരസ്യപ്പെടുത്തി സുതാര്യമായിട്ടാണ് നടത്തുന്നത്.<br>5. ആകെ വില 25 ലക്ഷം രൂപയിൽ കൂടുതലുള്ള സാമഗ്രികൾ കേരള ഗവൺമെന്റിന്റെ ഇ-പ്രൊക്യൂർമെന്റ് സംവിധാനം വഴി ഇ-ടെൻഡർ നടത്തിയാണ് വാങ്ങുന്നത്. |
| (സി) | ധൂർത്തും അഴിമതിയും തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | കേരള സ്റ്റോഴ്സ് പർച്ചേയ്സ് മാനുവൽ പ്രകാരവും കേരള ഗവൺമെന്റ് അംഗീകരിച്ച കെ.എസ്.ആർ.ടി.സിയുടെ പർച്ചേയ്സ് പോളിസി പ്രകാരവും വളരെ സുതാര്യമായിട്ടാണ് സാധനങ്ങൾ വാങ്ങുന്നത്. |

സെക്ഷൻ ഓഫീസർ